ആറ്

## ക്ഷമയും വിട്ടുവീഴ്ചയും

കൂട്ടുകാരുമായി ശണ്ഠ കൂടാത്തവരും ദേഷ്യം പിടിക്കാത്തവരുമായി നമ്മിൽ വല്ലവരുമുണ്ടോ? ഉണ്ടാവില്ല. മനുഷ്യനായാൽ ദേഷ്യം വരും. ചിലർക്ക് തീരെ ക്ഷമിക്കാൻ സാധിക്കുകയില്ല. അപ്പോൾ പിന്നെ ശണ്ഠയായി.

ദേഷ്യം പിടിക്കരുത് എന്ന് പറയുന്നില്ല. അത് സാധാരണയാണ്. പക്ഷേ, ദേഷ്യം ഉണ്ടായാൽ ക്ഷമിക്കണമെന്ന് ദൈവം കല്പിച്ചു. ക്ഷമിക്കുന്നവരാണ് നല്ലവർ എന്നും അവൻ നമ്മെ പഠിപ്പിച്ചു.

ക്ഷമിക്കാൻ കഴിയാതിരിക്കുമ്പോഴാണ് പ്രയാസങ്ങൾ ഉണ്ടാവുക. ദേഷ്യം പിശാചിൻെറ സ്വഭാവമാണ്. മനുഷ്യർ തമ്മിൽ പിണങ്ങുവാനും സമൂഹത്തിൽ കുഴപ്പം ഉണ്ടാക്കുവാനും അവൻ എന്തെങ്കിലും കുതന്ത്രം പ്രയോഗിച്ചുകൊണ്ടിരിക്കും. അത് നാം തിരിച്ചറിയണം. അതിനാലാണ് ദേഷ്യം വന്നാൽ ക്ഷമിക്കണമെന്നും വിട്ടുവീഴ്ച ചെയ്യണമെന്നുമൊക്കെ ദൈവം കല്പിച്ചത്.

മനുഷ്യർ തമ്മിലുള്ള ബന്ധം നല്ല നിലയിലാകണം. അത് പ്രധാനമാണ്. ദേഷ്യം, എടുത്തുചാട്ടം തുടങ്ങിയ ദുഃസ്വഭാവം അതിന് എതിരാണ്.

ചിലർ ഇങ്ങനെ പറയാറുണ്ട്: ദേ, ക്ഷമിക്കുന്നതിനുമുണ്ട് ഒരു പരിധി." അത് വെറുതെ പറയുകയാണ്. ക്ഷമക്ക് പരിധിയൊന്നുമില്ല. ഭൂമിയോളം ക്ഷമിക്കണം എന്നാണല്ലോ പറയാറുള്ളത്. അതായത്, നമ്മുടെ അക്ഷമയും എടുത്തുചാട്ടവും കാരണമായി എന്തെങ്കിലും പ്രശ്നം ഉണ്ടാകാതിരിക്കുന്നതുവരെ ക്ഷമയും വിട്ടുവീഴ്ചയും കൈക്കൊള്ളുക എന്നാണ് അതുകൊണ്ടു ദ്ദേശിക്കുന്നത്. ചിലപ്പോൾ സത്യം നമ്മുടെ ഭാഗത്താണെങ്കിലും നന്മയോർത്ത് തോറ്റുകൊടുക്കേണ്ടിവരും. അതാണ് നല്ലത്.

ക്ഷമയും വിട്ടുവീഴ്ചയും ഉള്ളവരെയാണ് സമൂഹം നല്ലവരെന്ന് പറയുകയുള്ളൂ. അല്ലാത്തവരെ ജനം വെറുക്കുകയാണ് ചെയ്യുക. ദൈവവും അവരെ വെറുക്കും. ക്ഷമിക്കുന്നവരുടെ കൂടെയാണ് ദൈവാനുഗ്രഹം ഉണ്ടാവുക.